കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ വീണ്ടും വരാൻ പോകുന്നു. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഈ ലോകത്തിൽ താൻ ആയിരുന്നപ്പോൾ നൽകിയ വാഗ്ദത്തമാണിത് (യോഹന്നാൻ 14:1-3). നിങ്ങൾ ചിന്തിച്ചേക്കാം, അവൻ നിശ്ചയമായി വരുമെന്നുള്ളത് എങ്ങനെ വിശ്വസിക്കാമെന്ന്? അന്ത്യകാലത്ത് സംഭവിക്കാവുന്ന കാര്യങ്ങളെക്കുറിച്ച് കർത്താവായ യേശു തന്നെ തിരുവായ്മൊഴിഞ്ഞ പ്രവചനങ്ങൾ ഒന്നു വായിച്ചു നോക്കൂ. തിരുവെഴുത്തുകളിലൂടെ ശ്രദ്ധാപൂർവ്വം കണ്ണോടിക്കുകയും അതിനെ ഇപ്പോൾ ലോകത്തിൽ നടക്കുന്ന സംഭവങ്ങളുമായി ഒത്തുനോക്കുകയാണെങ്കിൽ നമ്മുടെ ജീവകാലത്തിൽ തന്നെ കർത്താവായ യേശു വരുമെന്നുള്ളത് തെളിയിക്കാം.

## 1 ദൈവാലയത്തിന്റെ നശീകരണം

യേശു ദൈവാലയം വിട്ടു പോകുമ്പോൾ ശിഷ്യന്മാരിൽ ഒരുത്തൻ ദൈവാലയത്തിന്റെ പണി അവനെ കാണിക്കേണ്ടതിന് അവന്റെ അടുക്കൽ വന്നു: ഗുരോ, അതു മനോഹരമായ കല്ലുകളാലും വഴിപാടുകളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു. യേശു അവരോടു: ഈ വലിയ പണി കാണുന്നുവോ? ഇടിഞ്ഞു പോകാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കാത്ത കാലം വരും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു (മത്തായി 24:1; മർക്കൊസ് 13:1-2; ലൂക്കൊസ് 21:5-6). **ഇത് ഏ.ഡി. 70–ൽ അക്ഷരാർത്ഥത്തിൽ നിറവേറി.**

## 2 വരവിന്റെ അടയാളങ്ങൾ

പിന്നെ അവൻ ഒലിവു മലയിൽ ദൈവാലയത്തിനു നേരെ ഇരിക്കുമ്പോൾ, തന്റെ ശിഷ്യന്മാരായ പത്രൊസും, യാക്കോബും, യോഹന്നാനും, അന്ത്രെയാസും സ്വകാര്യമായി അവനോടു: ഗുരോ, അതു എപ്പോൾ സംഭവിക്കും? നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും അതിനു എല്ലാം നിവൃത്തി വരുന്ന കാലത്തിന്റെ ലക്ഷണം എന്ത് എന്ന് ഞങ്ങളോടു പറഞ്ഞാലും എന്നു ചോദിച്ചു (മത്തായി 24:3; മർക്കോസ് 13:3-4; ലൂക്കൊസ് 21:7).

## 3 തെറ്റിക്കുന്നവർ എഴുന്നേൽക്കും

യേശു ഉത്തരം പറഞ്ഞത്: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ആകുന്നു എന്നും സമയം അടുത്തിരിക്കുന്നു എന്നും പറഞ്ഞു അനേകർ എന്റെ പേരെടുത്തു വരും; അവരെ അനുഗമിക്കരുത് (മത്തായി 24:4-5; മർക്കൊസ് 13:5-6; ലൂക്കൊസ് 21:8).

## 4 യുദ്ധങ്ങളും യുദ്ധശ്രുതികളും

നിങ്ങൾ യുദ്ധങ്ങളെയും കലഹങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കുമ്പോൾ ചഞ്ചലപ്പെടരുത്- ഭ്രമിച്ചു പോകരുത്; അത് ആദ്യം സംഭവിക്കേണ്ടതു തന്നേ; എന്നാൽ അവസാനം ഉടനെ അല്ലതാനും (മത്തായി 24:6; മർക്കോസ് 13:7; ലൂക്കൊസ് 21:9).

## 5 ജാതി ജാതിയോടു ഉള്ള യുദ്ധം| ഭൂകമ്പം| ക്ഷാമം| രോഗം

പിന്നെ അവൻ അവരോടു പറഞ്ഞതു: ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും അവിടവിടെ ഉണ്ടാകും; ആകാശത്തിൽ ഭയങ്കര കാഴ്ചകളും മഹാ ലക്ഷ്യങ്ങളും ഉണ്ടാകും (മത്തായി 24:7; മർക്കോസ് 13:8; ലൂക്കൊസ് 21:10-11).

## 6

ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ (മത്തായി 24:8; മർക്കൊസ് 13:8).

## 7 ക്രൈസ്തവരുടെ ഉപദ്രവകാലം

എന്നാൽ സൂക്ഷിച്ചുകൊൾവിൻ; ഇതു എല്ലാറ്റിനും മുമ്പെ, നിങ്ങളുടെ മേൽ കൈവെച്ചു ഉപദ്രവിക്കുകയും, ന്യായാധിപ സംഘങ്ങളിൽ ഏല്പിക്കയും പള്ളികളിൽ വെച്ചു തല്ലുകയും, തടവിലാക്കുകയും, ഉപദ്രവത്തിന് ഏല്പിക്കുകയും, കൊല്ലുകയും ചെയ്യും. എന്റെ നാമം നിമിത്തം രാജാക്കന്മാരുടെയും നാടുവാഴികളുടെയും മുമ്പിൽ നിറുത്തുകയും ചെയ്യും. അതു നിങ്ങൾക്കു സാക്ഷ്യം പറവാൻ തരം ആകും (മത്തായി 24:9; മർക്കൊസ് 13:9; ലൂക്കൊസ് 21:12-13).

## 8

അവർ നിങ്ങളെ കൊണ്ടുപോയി ഏല്പിക്കുമ്പോൾ എന്തു പറയേണ്ടു എന്നു മുൻകൂട്ടി വിചാരപ്പെടരുത്; പ്രതിവാദിപ്പാൻ മുമ്പുകൂട്ടി വിചാരിക്കാതിരിക്കേണ്ടതിന് മനസ്സിൽ ഉറെച്ചു കൊൾവിൻ. ആ നാഴികയിൽ നിങ്ങൾക്കു ലഭിക്കുന്നതു തന്നേ പറവിൻ; പറയുന്നതു നിങ്ങൾ അല്ല, പരിശുദ്ധാത്മാവത്രേ. നിങ്ങളുടെ എതിരികൾക്കു ആർക്കും ചെറുപ്പാനോ എതിർ പറവാനോ കഴിയാത്ത വാക്കും ജ്ഞാനവും ഞാൻ നിങ്ങൾക്കു തരും (മർക്കൊസ് 13:11; ലൂക്കൊസ് 21:14-15).

## 9 കുടുംബങ്ങളിൽ ഒറ്റിക്കൊടുക്കൽ

അന്ന് അനേകർ ഇടറിപ്പോകും. സഹോദരൻ സഹോദരനെയും അപ്പൻ മകനെയും, ചാർച്ചക്കാരും ചങ്ങാതികളും മരണത്തിനു ഏല്പിക്കും; മക്കളും അമ്മയപ്പന്മാരുടെ നേരെ എഴുന്നേറ്റു അവരെ കൊല്ലിക്കും. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും; എന്നാൽ നിങ്ങളുടെ തലയിലെ ഒരു രോമം പോലും നശിച്ചു പോകയില്ലതാനും. നിങ്ങൾ ക്ഷമ കൊണ്ടു നിങ്ങളുടെ പ്രാണനെ നേടും (മത്തായി 24:9-10; മർക്കൊസ് 13:12-13; ലൂക്കൊസ് 21:16-19).

## 10 സ്നേഹം തണുത്തു പോകും

അധർമ്മം പെരുകുന്നതു കൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും (മത്തായി 24:12-13).

## 11

രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ആദ്യം ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും. **അപ്പോൾ** അവസാനം വരും (മത്തായി 24:14; മർക്കൊസ് 13:10).

## 12 യെരുശലേമിൽ ശൂന്യമാക്കുന്ന മ്ലേച്ഛത

എന്നാൽ സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ (ലൂക്കൊസ് 21:20). എന്നാൽ ദാനീയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു പോലെ *ശൂന്യമാക്കുന്ന മ്ലേച്ഛത* വിശുദ്ധസ്ഥലത്തിൽ നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ (വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ) അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ. അതിന്റെ നടുവിലുള്ളവർ പുറപ്പെട്ടുപോകട്ടെ; നാട്ടുപുറങ്ങളിലുള്ളവർ അതിൽ കടക്കരുത്. വീട്ടിന്മേൽ ഇരിക്കുന്നവൻ അകത്തേക്കു ഇറങ്ങിപ്പോകയോ വീട്ടിൽ നിന്നു വല്ലതും എടുപ്പാൻ കടക്കയോ അരുത്. വയലിൽ ഇരിക്കുന്നവൻ വസ്ത്രം എടുപ്പാൻ മടങ്ങിപ്പോകരുത് (മത്തായി 24:15-18; മർക്കൊസ് 13:14-16; ലൂക്കൊസ് 17:31, 21:21). ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ (മത്തായി 24:19-20; മർക്കൊസ് 13:17-18; ലൂക്കൊസ് 21:23). അവർ വാളിനാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബദ്ധരായി കൊണ്ടുപോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യെരുശലേം ചവിട്ടിക്കളകയും ചെയ്യും (ലൂക്കൊസ് 21:24).

## 13 യാക്കോബിനു കഷ്ടകാലം (യിരെമ്യാവു 30:6)

*അന്നാളിൽ* വലിയ കഷ്ടതയും വേദനയും ഉണ്ടാകും. ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടം, ദേശത്തു വലിയ ഞെരുക്കവും ഈ ജനത്തിന്മേൽ ക്രോധവും ഉണ്ടാകും. ഈ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും (മത്തായി 24:21-22; മർക്കൊസ് 13:19-20; ലൂക്കൊസ് 21:23). എഴുതിയിരിക്കുന്നതെല്ലാം നിവൃത്തിയാകേണ്ടതിന് ആ നാളുകൾ പ്രതികാരകാലം ആകുന്നു (ലൂക്കൊസ് 21:22).

## 14 കള്ളക്രിസ്തുക്കളും, കള്ളപ്രവാചകന്മാരും

അന്ന് ആരെങ്കിലും നിങ്ങളോട്: *ഇതാ ക്രിസ്തു ഇവിടെ* എന്നോ അതാ അവിടെ എന്നോ പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ്, കഴിയും എങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. നിങ്ങളോ സൂക്ഷിച്ചു കൊൾവിൻ; ഞാൻ എല്ലാം നിങ്ങളോടു മുൻകൂട്ടി പറഞ്ഞുവല്ലോ(മത്തായി 24:23-24; മർക്കൊസ് 13:21-23). ആകയാൽ നിങ്ങളോട്: *അതാ, അവൻ മരുഭൂമിയിൽ* എന്നു പറഞ്ഞാൽ പുറപ്പെടരുത്; *ഇതാ, അറകളിൽ* എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ ആകാശത്തിൻകീഴെ കിഴക്കു നിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവ് ആകും (മത്തായി 24:26-27; ലൂക്കൊസ് 17:23-24).

## 15 മദ്ധ്യാകാശത്തിലെ അടയാളങ്ങൾ

*ആ കാലത്തിലെ* കഷ്ടം കഴിഞ്ഞ ഉടനെ ലക്ഷ്യങ്ങൾ ഉണ്ടാകും: സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും (മത്തായി 24:29; മർക്കൊസ് 13:24-25; ലൂക്കൊസ് 21:25). കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും. ഭൂലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ



നിർജ്ജീവന്മാർ ആകും (ലൂക്കൊസ് 21:25-26).

16 അപ്പോൾ **മനുഷ്യപുത്രന്റെ അടയാളം** ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചും കൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയയ്ക്കും. അവർ അവന്റെ വൃതന്മാരെ ഭൂമിയുടെ അറുതി മുതൽ ആകാശത്തിന്റെ അറുതിവരെയും നാലുദിക്കിൽ നിന്നും കൂട്ടിച്ചേർക്കും (മത്തായി 24:30-31; മർക്കൊസ് 13:26-27; ലൂക്കൊസ് 21:27).

17 ഇത് സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തു വരുന്നതു കൊണ്ട് നിവർന്നു തല പൊക്കുവിൻ (ലൂക്കൊസ് 21:28).

18 ഒരുപമയും അവരോടു പറഞ്ഞത്: അത്തി മുതലായ സകല വൃക്ഷങ്ങളെയും നോക്കി ഒരു ഉപമ പഠിപ്പിൻ. അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ **നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ ദൈവരാജ്യം അടുക്കെ** വാതിക്കൽ തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞു കൊൾവിൻ (മത്തായി 24:32-33; മർക്കൊസ് 13:28-29; ലൂക്കൊസ് 21:29-31). ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല (മത്തായി 24:36; മർക്കൊസ് 13:32).

19 **നോഹയുടെ കാലം**
നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്ന് എല്ലാവരെയും നീക്കികളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെ ആകും (മത്തായി 24:37-39; ലൂക്കൊസ് 17:26-27).

20 **ലോത്തിന്റെ കാലം**
ലോത്തിന്റെ കാലത്തു സംഭവിച്ചതു പോലെയും തന്നെ; അവർ തിന്നും കുടിച്ചും കൊണ്ടും വിറ്റും നട്ടും പണിതും പോന്നു. എന്നാൽ ലോത്ത് സൊദോം വിട്ട നാളിൽ ആകാശത്തു നിന്നു തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചു കളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നെ ആകും (ലൂക്കൊസ് 17:28-30).

ഏഞ്ചൽ ടിവി കാണുക
www.angeltv.org

21 ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ. തന്റെ ജീവനെ നേടുവാൻ നോക്കുന്നവനെല്ലാം അതിനെ കളയും; അതിനെ കളയുന്നവനെല്ലാം അതിനെ രക്ഷിക്കും (ലൂക്കൊസ് 17:32-33).

22 *ആ രാത്രിയിൽ* രണ്ടുപേർ ഒരു കിടക്കമേൽ ആയിരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരിക്കല്ലിൽ പൊടിച്ചു കൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും; മറ്റവളെ ഉപേക്ഷിക്കും. രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു (മത്തായി 24:40-41; ലൂക്കൊസ് 17:34-36). അവർ അവനോട്: കർത്താവേ, എവിടെ എന്ന് ചോദിച്ചതിന്: ശവം ഉള്ളേടത്തു കഴുക്കൾ കൂടും എന്ന് അവൻ പറഞ്ഞു (മത്തായി 24:28; ലൂക്കൊസ് 17:37).

23 **ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ**
ഒരു മനുഷ്യൻ വീടുവിട്ടു പരദേശത്തു പോകുമ്പോൾ ദാസന്മാർക്ക് അധികാരവും അവനവന് അതതുവേലയും കൊടുത്തിട്ടു വാതിൽ കാവല്ക്കാരനോട് ഉണർന്നിരിപ്പാൻ കല്പിച്ചതുപോലെ തന്നെ. യജമാനൻ സന്ധ്യക്കോ അർദ്ധരാത്രിക്കോ കോഴി കൂകുന്ന നേരത്തോ രാവിലെയോ എപ്പോൾ വരും എന്ന് അറിയായ്ക കൊണ്ട്, അവൻ പെട്ടെന്നു വന്നു നിങ്ങൾ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിന് ഉണർന്നിരിപ്പിൻ (മർക്കൊസ് 13:34-36).

24 കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീട് തുരക്കുവാൻ സമ്മതിക്കാതിരിക്കുകയും ചെയ്യും എന്ന് അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതു കൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ (മത്തായി 24:43-44).

25 നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് *ആ ദിവസം* നിങ്ങൾക്കു പെട്ടെന്നു വരാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. കാലം എപ്പോൾ എന്ന് നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ. അത് സർവ്വഭൂതലത്തിലും വസിക്കുന്ന ഏവർക്കും കണിപോലെ വരും (മർക്കൊസ് 13:33; ലൂക്കൊസ് 21:34-35).

Local Contact Address

26 ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞു പോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ എന്ന് എല്ലാവരോടും എന്നപോലെ നിങ്ങളോടു പറയുന്നു (ലൂക്കൊസ് 21:36).

27 സകലവും സംഭവിക്കുവോളം *ഈ തലമുറ* ഒഴിഞ്ഞു പോകയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല (മത്തായി 24:34-35; മർക്കൊസ് 13:30-31; ലൂക്കൊസ് 21:32-33).

**തന്റെ മഹത്വമേറിയ സിംഹാസനത്തിൽ ഇരിക്കുന്ന മഹാ രാജാവായ കർത്താവായ യേശു ക്രിസ്തു മഹാ ശക്തി യോടും തേജസ്സോടും തന്റെ ദൂതന്മാരുടേയും വിശുദ്ധന്മാ രുടേയും അകമ്പടിയോടെ അതിവേഗം വീണ്ടും വരുന്നു.**

**ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ** (വെളിപ്പാട് 14:7).

## ഇനി കാലതാമസം ഉണ്ടാകയില്ല

**സ്വർഗ്ഗരാജ്യം ഇപ്പോൾ സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ.**

**നിങ്ങളുടെ ദൈവമായ കർത്താവിനെ എതിരേല്പാൻ ഒരുങ്ങുക !**



# ദൈവരാജ്യത്തിന്റെ സുവിശേഷം

മലയാളം | MALAYALAM